LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ.-കെ.എഫ്.സി. സ്വയം സംരംഭകത്വ പദ്ധതി പ്രകാരമുള്ള വായ്പാസൗകര്യം

177 (4168) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) KSFE, KFC മുതലായ സ്ഥാപനങ്ങളിൽ നിന്നും സ്വയം സംരംഭകത്വ പദ്ധതി പ്രകാരം നല്കി വരുന്ന വായ്പാ സൗകര്യം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ നല്കുന്ന വായ്പകൾക്ക് കൂടുതൽ പലിശ ഇളവ് നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നല്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) കെ. എസ്. എഫ്.ഇ.-യിൽ സ്വയം സംരംഭകത്വ പദ്ധതി പ്രകാരമുള്ള വായ്പ ഇപ്പോൾ നിലവിലില്ല. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന എല്ലാ പുതിയ പദ്ധതികൾക്കും നൂതനമായ കാർഷികാധിഷ്ഠിത പദ്ധതികൾക്കും നിലവിലെ വ്യവസ്ഥകൾ പ്രകാരം കെ.എഫ്.സി. മുഖേന സ്വയം സംരംഭക വികസന മിഷൻ വഴി വായ്പാസൗകര്യം ലഭ്യമാക്കി വരുന്നുണ്ട്. ഇതിനുള്ളിൽ വരുന്ന എല്ലാവർക്കും വായ്പ ലഭിക്കുന്നതാണ്. ഇത് പലിശ രഹിത വായ്പയായതിനാൽ കൂടുതൽ പലിശ ഇളവ് നൽകുന്ന കാര്യം ഉദിക്കുന്നില്ല.

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ സ്റ്റേറ്റുമെന്റ്

178 (4169) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ ഒരു സ്റ്റേറ്റ്മെന്റ് പി.എഫ്. സ്റ്റേറ്റ്മെന്റ് പോലെ വർഷാവർഷം അതിന്റെ വരിക്കാർക്ക് എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) നാളിതുവരെ ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ?